II ഇ.ബി.XIV-കേരള നിയമസഭ/IV-7

# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മാർച്ച് 8, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

20(*181) അഡ്വഞ്ചർ ടൂറിസം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, കേരളത്തിലെ ടൂറിസം മേഖലകളുടെ പ്രചരണം വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം നടത്തി വരുന്നുണ്ടെന്നും ഇതിൽ സാഹസിക ടൂറിസത്തിനുവേണ്ടിയുള്ള പ്രചരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ദേശീയ അന്താരാഷ്ട്രതലത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ ആദ്യത്തെ അഡ്വഞ്ചർ പാർക്കിന് തെന്മലയിൽ രൂപം നൽകുന്നതിനും അഡ്വഞ്ചർ ടൂറിസത്തിന്റെ പ്രചരണാർത്ഥം കേരള

അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിക്കുന്നതിനും കേരളത്തിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ അഡ്വഞ്ചർ പാർക്കുകൾ സജ്ജീകരിക്കുന്നതിനും ഇന്റർനാഷണൽ മൗണ്ടൻ ബൈക്കിംഗ് കോംപറ്റീഷൻ, മലബാർ റിവർ ഫെസ്റ്റിവൽ, സ്കൂബാ ഡൈവിംഗ്, പാരാ ഗ്ലൈഡിങ് എന്നീ സാഹസിക വിനോദങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വേളി, തെന്മല, ആശ്രാമം, കർലാട്, കോട്ടക്കുന്ന് എന്നിവിടങ്ങളിൽ സാഹസിക ടൂറിസം പാർക്കുകൾ സജ്ജീകരിക്കുകയും പി.പി.പി. മോഡലിൽ വികസിപ്പിക്കുന്ന ജഡായുപാറയിൽ അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മൗണ്ടൻ സൈക്ലിംഗിനായി കോട്ടൂർ, തെന്മല, പൊഴുതന എന്നിവയും പാരാസൈക്ലിങ്ങിനായി മുഴപ്പിലങ്ങാടും സ്കൂബാ ഡൈവിങ്ങിനായി കോവളവും കയാക്കിംഗിനായി തുഷാരഗിരിയും പാരാഗ്ലൈഡിംഗിനായി വാഗമണും സാഹസിക ടൂറിസം ഈവന്റുകൾ നടത്തുന്ന കേന്ദ്രങ്ങളാണെന്ന് മന്ത്രി വ്യക്തമാക്കി. അഡ്വഞ്ചർ ടൂറിസം പോലുള്ള നൂതന മേഖലകൾ കണ്ടെത്തി ടൂറിസം മേഖലയെ വികസിപ്പിക്കുക എന്നതാണ് ഗവൺമെന്റിന്റെ നയമെന്നും അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി യുവത്വത്തെ ആകർഷിക്കാൻ കഴിയുന്ന രീതിയിലുള്ള കാഴ്ചപ്പാടോടുകൂടിയാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നതെന്നും സാഹസിക ടൂറിസത്തിലുള്ള അപകട സാധ്യത ഗണ്യമായി കുറയ്ക്കുന്നതിനുള്ള പരിരക്ഷ ഗവൺമെന്റ് നൽകുമെന്നും

മന്ത്രി അറിയിച്ചു. മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ സാഹസിക ടൂറിസം പാർക്കുകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും വയനാടിനുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമെന്നും ശംഖുംമുഖത്ത് ഡി.ടി.പി.സി.യുടെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ പരിശോധിക്കുമെന്നും ടൂറിസം-വനം വകുപ്പുകൾ സംയുക്തമായി ആലോചിച്ച് അതിരപ്പിള്ളി ടൂറിസം വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും തലശ്ശേരി പൈതൃക പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ വാട്ടർ സ്പോർട്സ് ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമെന്നും മൂന്നാറിന്റെ ടൂറിസം വികസനം ശക്തിപ്പെടുത്തുമെന്നും ഇറിഗേഷൻ-വനം വകുപ്പുകളുടെ സഹായത്തോടെ പീച്ചിയിലെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21(*182 &*195) <u>കയർ വ്യവസായം</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കയർ വ്യവസായരംഗത്തെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ

വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പരമ്പരാഗത തൊഴിലാളികളുടെ ഉല്പന്നങ്ങൾക്ക് മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് മുഖേന സംഭരിക്കുമെന്നും ഉല്പന്നങ്ങളുടെ സംഭരണം ഉറപ്പുവരുത്തുന്നതിനായി സഹകരണ മേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമെന്നും കയർപിരി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ചകിരിക്ഷാമം പരിഹരിക്കുന്നതിന് നാളികേര ലഭ്യത കൂടുതലുള്ള സ്ഥലങ്ങളിൽ അടുത്തവർഷം 100 ആധുനിക ചകിരി മില്ലുകൾ സ്ഥാപിക്കുമെന്നും വൈറ്റ് ഫൈബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ "റഗുലേറ്റഡ് മെക്കനൈസേഷൻ ഓഫ് കയർ ഇൻഡസ്ട്രി" എന്ന പദ്ധതിക്കായി 77 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കയർ മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതിനും സർക്കാർ നയങ്ങൾ നടപ്പിലാക്കുന്നതിനും വികസന സഹായം നൽകുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി അപ്പക്സ് ബോഡി ഫോർ കയർ (എ.ബി.സി.) രൂപീകരിച്ചിട്ടുണ്ട്. കേരളത്തിൽ നിർമ്മിക്കുന്ന കയറുൽപ്പന്നങ്ങൾക്ക് ബ്രാൻഡിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. എൻ.സി.ആർ.എം.ഐ. (നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) ട്രെയിനിംഗ് പദ്ധതികൾക്ക് പ്രാമുഖ്യം നൽകുമെന്നും കയർ

മേഖലയുടെ ഗവേഷണ പ്രവർത്തനങ്ങൾക്കായി ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് collaborative ഗവേഷണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിനും ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗസാധ്യതകൾ കണ്ടെത്തുന്നതിനും പ്രത്യേക പ്രാധാന്യം നൽകുമെന്നും മന്ത്രി അറിയിച്ചു. കയർപിരി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുമെന്നും കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി പുനഃസ്ഥാപിക്കുമെന്നും റിട്ടയർ ചെയ്ത കയർ സഹകരണസംഘം ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും പരമ്പരാഗത വ്യവസായങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനുള്ള ആലോചന സർക്കാർ തലത്തിൽ നടന്നുവരികയാണെന്നും മന്ത്രി അറിയിച്ചു. തൊണ്ട് സംഭരണത്തിന് സഹകരണ സംഘങ്ങൾക്ക് ഇൻസെന്റീവ് നൽകുന്നതാണ്. ഡീഫൈബറിംഗ് മില്ലുകൾ തൊണ്ട് ലഭ്യമാകുന്ന സ്ഥലങ്ങളിൽ കേന്ദ്രീകരിക്കുന്നതിനും ചകിരി ഉൽപ്പാദനത്തിന് കൂടുതൽ പ്രാമുഖ്യം നൽകുന്നതിനും ഗുണമേന്മയുള്ള ചകിരി ഉത്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ സ്വത്തുക്കൾ സഹകരണ മേഖലയുടെ വികസനത്തിനായി പ്രയോജനപ്പെടുത്തുമെന്നും കുടുംബശ്രീ

യൂണിറ്റുകളെ ഉപയോഗപ്പെടുത്തി തൊണ്ട് ശേഖരിച്ച് ചകിരിയാക്കാനുള്ള സംവിധാനം സ്വീകരിക്കുമെന്നും റോഡ് നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് വ്യാപകമാക്കുമെന്നും നവീകരിച്ച ബേപ്പൂർ കയർ ഫാക്ടറിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22(*183) <u>സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്നും ഇത്തരം സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൊച്ചി കപ്പൽ നിർമ്മാണ ശാലയുടെ 25 ശതമാനം ഓഹരി വിറ്റഴിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പുന:പരിശോധിക്കണമെന്നും HOCL പുനരുദ്ധാരണ പാക്കേജ് അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുമുള്ള പ്രമേയങ്ങൾ സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുണ്ട്. HNL-നെ മാതൃസ്ഥാപനത്തിൽ നിന്നും വേർപെടുത്തി കേന്ദ്ര സർക്കാരിന്റെ ഖനവ്യവസായ വകുപ്പിന് കീഴിലുള്ള സ്വതന്ത്ര സ്ഥാപനമാക്കി നിലനിർത്തണമെന്നും

കമ്പനിയുടെ സ്വകാര്യവത്കരണ/ഓഹരി വിറ്റഴിക്കൽ നീക്കത്തിൽ നിന്നും പിന്മാറി സ്ഥാപനത്തെ സംരക്ഷിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി ട്രേഡ് യൂണിയൻ സംഘടനകൾ പ്രക്ഷോഭത്തിനുള്ള യോജിച്ച ആലോചന നടത്തിവരുന്നതായും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ജോയിന്റ് വെഞ്ച്വർ സംരംഭങ്ങളിൽ നിന്നും പിന്മാറുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്നും കോഴിക്കോട് സ്റ്റീൽ കമ്പനിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ SAIL അധികൃതരുമായി ചർച്ച ചെയ്ത് പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2206 മുതൽ 2493 വരെയുള്ള ചോദ്യങ്ങളിൽ 193 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)